പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1267

06/02/2020-ൽ മറുപടിയ്ക്ക്

**ക്ലാസ്സ് മുറിയിൽ വിദ്യാർത്ഥിനി പാമ്പ് കടിയേറ്റ് മരിക്കുന്നതിനിടയായ സംഭവം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മഞ്ഞളാംകുഴി അലി | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വയനാട് ജില്ലയിൽ സ്കൂളിലെ ക്ലാസ്സ് മുറിയിൽ വിദ്യാർത്ഥിനി പാമ്പ് കടിയേറ്റ് മരിക്കുന്നതിനിടയായ സംഭവം ക്ലാസ്സ് മുറികളുടെ ശോചനീയാവസ്ഥ യഥാസമയം പരിഹരിയ്ക്കാത്തത് മൂലമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വയനാട് ജില്ലയിലെ സർവ്വജന വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് 2019-20 അദ്ധ്യയന വർഷത്തേയ്ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സ്കൂൾ ക്ലാസ്സുകൾ ആരംഭിച്ചിട്ടുള്ളത്. വിദ്യാർത്ഥിനി പഠിച്ചിരുന്ന ക്ലാസ്സ് മുറിയുടെ അടിത്തറയിൽ ചില മാളങ്ങൾ രൂപപ്പെട്ടിരുന്നത് ശ്രദ്ധയിൽപ്പെടാതിരുന്നതിനാലാണ് വിദ്യാർത്ഥിനി പാമ്പുകടിയേറ്റ് മരിക്കുന്നതിന് ഇടയാക്കിയിട്ടുള്ളത്. |
| (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടും പ്രഥമ പരിഗണന നൽകി ശോചനീയാവസ്ഥ പരിഹരിയ്ക്കാത്ത സ്കൂളുകൾ നിരവധിയാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ പ്രസ്തുത സംഭവത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സ് മുറികളുടെ ശോചനീയാവസ്ഥ പരിഹരിയ്ക്കുന്നതിനായി എന്തെങ്കിലും പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചതിന് ശേഷം അപൂർവ്വം സ്കൂളുകളിൽ മാത്രമേ ശോചനീയാവസ്ഥ നിലവിലുള്ളൂ. അത്തരത്തിലുള്ള സ്കൂളുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |
| (സി) വിദ്യാഭ്യാസരംഗത്ത് സംസ്ഥാനം കൈവരിച്ച നേട്ടങ്ങളെ പിന്നോട്ടടിയ്ക്കുന്നതിന് പ്രസ്തുത സംഭവങ്ങൾ ഇടയാക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരം സംഭവങ്ങൾ | (സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി താഴെപറയുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാവർക്കും നൽകിയിട്ടുണ്ട്. |

| | |
|---|---|
| ആവർത്തിയ്ക്കാതിരിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ? | 1. സംസ്ഥാനത്തെ സ്കൂളുകളിലെ പാഴ് ചെടികളും പടർപ്പുകളും വെട്ടിമാറ്റി സ്കൂളും പരിസരവും വൃത്തിയാക്കി സൂക്ഷിക്കുക.<br>2. ക്ലാസ്സ് മുറികൾ, കോമ്പൗണ്ട് മതിലുകൾ, ടോയ്‌ലറ്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ദ്വാരങ്ങളോ വിള്ളലുകളോ ഉണ്ടെങ്കിൽ അവ സിമന്റും മണലും ഉപയോഗിച്ച് അടച്ച് സുരക്ഷ ഉറപ്പ് വരുത്തുക.<br>3. സ്കൂൾ പരിസരത്ത് ഉപയോഗശൂന്യമായ പാഴ്‌വസ്തുക്കൾ കൂട്ടിയിട്ടിട്ടുണ്ടെങ്കിൽ അവ ഉടനടി നീക്കം ചെയ്ത് പ്രദേശം വൃത്തിയാക്കുക.<br>4. ടോയ്‌ലറ്റുകളിൽ സ്വാഭാവിക വെളിച്ചം ഇല്ലെങ്കിൽ ലൈറ്റുകൾ സ്ഥാപിക്കുക.<br>5. വിദ്യാർത്ഥികൾക്ക് പാദരക്ഷകൾ ഉപയോഗിക്കുന്നതിനുള്ള വിലക്ക് ഒരു വിദ്യാലയത്തിലും ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ല.<br>6. വിദ്യാർത്ഥികൾ പറയുന്ന അവരുടെ ചെറിയ അസ്വസ്ഥതകൾ പോലും വളരെ ശ്രദ്ധ നൽകി ജാഗ്രതയോടെ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനായി ലഭ്യമാകുന്ന ഏത് വാഹനവും അടിയന്തര പ്രാധാന്യം നൽകി ഉപയോഗിക്കേണ്ടതാണ്.<br>7. അദ്ധ്യയന സമയം കഴിഞ്ഞാൽ ക്ലാസ് മുറികളുടെ വാതിലുകളും ജനലുകളും പൂട്ടി ഭദ്രമാക്കേണ്ടതാണ്.<br>8. സ്കൂളുകളുടെ വൃത്തിയുള്ള അവസ്ഥ തുടരുന്നതിന് ജനപ്രതിനിധികളുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും കൂടിയാലോചിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. |

Namitha P

**സെക്ഷൻ ഓഫീസർ**